**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 30** **23.01.2018-ൽ മറുപടിക്ക്**

**അപകടത്തിൽപ്പെട്ടുന്നവർക്ക് അടിയന്തര ചികിത്സ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. കെ.രാജൻ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | അപകടത്തിൽപ്പെട്ടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ നൽകുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | കേരളത്തിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകടമരണ നിരക്ക് കുറച്ചു കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.11.2017- ൽ ചേർന്ന യോഗത്തിൽ, റോഡപകടങ്ങളിൽപ്പെട്ടുന്നവർക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി നടപടി എടുക്കുമെന്ന തീരുമാനം എടുത്തിരുന്നു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷുറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ-സ്വകാര്യ ആശുപത്രികളും ഇൻഷുറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷുറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>റോഡപകടങ്ങളിൽപ്പെട്ടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ |

| | | | |
|---|---|---|---|
| | | | ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | സ്വകാര്യ ആശുപത്രികളെ പദ്ധതിയുടെ ഗൗരവവും പ്രാധാന്യവും ബോധ്യപ്പെടുത്തി സഹകരിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സർക്കാരിന്റെ അക്രഡിറ്റേഷൻ ഉള്ളവയും സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഉള്ളവയും ഉൾപ്പെടുന്നുണ്ട്. ദേശീയ പാതയോരത്തും സംസ്ഥാന പാതകളിലും സ്ഥിതി ചെയ്യുന്നതും അപകടത്തിൽപ്പെടുന്നവരുടെ പരിചരണത്തിന് വേണ്ടുന്ന ചികിൽസാ സംവിധാനങ്ങൾ നൽകാൻ തക്ക സംവിധാനങ്ങളും വിദഗ്ദ്ധ ഡോക്ടർമാരും ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളെ കൂടി ഇതിന്റെ ഭാഗമാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അതിനായി സ്വകാര്യ ആശുപത്രികളുമായി ധാരണയിലെത്തി ചികിൽസയ്ക്ക് ചെലവാക്കിയ തുക മടക്കി നൽകുന്നതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഇതിനായി അപകടത്തിൽപ്പെടുന്ന വഹനങ്ങൾ ഇൻഷ്വർ ചെയ്ത കമ്പനികളിൽ നിന്നും തുക ഈടാക്കി അപകടത്തിൽപ്പെട്ട വ്യക്തിയുടെ ആശുപത്രി ചെലവുകൾ തീർക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കാതെ വന്നാൽ സർക്കാർ ഫണ്ടിൽ നിന്നോ റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നോ നഷ്ടപരിഹാരത്തുക ഈടാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും |

| | | | |
|---|---|---|---|
| | | | സമഗ്ര ആക്സിഡന്റ് ഇൻഷുറൻസ് പ്രോഗ്രാമിൽ ഇതിനെ ഉൾപ്പെടുത്തേണ്ടതായും ഉണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ കൂടിയാലോചനകൾക്കായി ഇൻഷുറൻസ് കമ്പനികളുടെ ഒരു Expression of Interest ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**